(ബി) പ്രസ്തുത സബ്സ്റ്റേഷന്റെ നിർമ്മാണത്തിനുള്ള സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയായിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേക്ക് പൂർത്തിയാകും;

(സി) എത്ര കെ.വി. സബ്സ്റ്റേഷനാണ് പോത്താനിക്കാട് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നത്;

(ഡി) നടപടികൾ പൂർത്തിയാക്കി എന്നത്തേക്ക് സബ്സ്റ്റേഷൻ പ്രവർത്തന ക്ഷമമാക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പോത്താനിക്കാട് ഒരു 33 കെ.വി. സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനുവേണ്ടി ടേൺ കീ അടിസ്ഥാനത്തിൽ ചെയ്യാനുള്ള കരാർ ഹൈദരാബാദിലെ എ.ആർ.എം. ലിമിറ്റഡ് എന്ന കമ്പനിക്ക് 6-10-2001-ൽ നൽകിയെങ്കിലും, കമ്പനി എഗ്രിമെന്റ് വയ്ക്കുവാൻ തയ്യാറാകാത്ത സാഹചര്യത്തിൽ പ്രസ്തുത കരാർ റദ്ദ് ചെയ്തു. പ്രസ്തുത 33 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിന് പകരമായി പോത്താനിക്കാട് ഒരു 110 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം സംസ്ഥാന വിദ്യുച്ഛക്തി ബോർഡിന്റെ പരിഗണനയിലുണ്ട്.

(ബി) സ്ഥലമെടുപ്പ് നടപടികൾ പുരോഗമിച്ചുവരുന്നു.

(സി) 110 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശമാണ് സംസ്ഥാന വിദ്യുച്ഛക്തി ബോർഡിന്റെ പരിഗണനയിലുള്ളത്.

(ഡി) 2005-2006 സാമ്പത്തിക വർഷത്തിൽ പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

കണ്ണൂർ ജില്ലയിലെ ആലക്കോട് സബ്സ്റ്റേഷൻ

183 [2676] ശ്രീ. കെ.സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ ആലക്കോട് കെ.എസ്.ഇ.ബി. സബ്സ്റ്റേഷൻ പ്രവൃത്തികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇതിനാവശ്യമായ സ്ഥലം അക്വയർ ചെയ്തോ, ഇല്ലെങ്കിൽ കാരണം എന്താണ്;

(സി) അക്വിസിഷന് ആവശ്യമായ പണം ബോർഡ് അനുവദിച്ചോ; ഇതിന്റെ നടപടികൾ ഏത് ഘട്ടത്തിലാണ്;

(ഡി) സബ്സ്റ്റേഷന്റെ നിർമ്മാണപ്രവർത്തികൾ എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പ്രസ്തുത സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം അക്വയർ ചെയ്യുന്നതിനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്.

(ബി ആന്റ് സി) സ്ഥലം അക്വയർ ചെയ്തിട്ടില്ല. അക്വിസിഷന് ആവശ്യമായ പണം ബോർഡ് അനുവദിച്ചിട്ടുണ്ട്. സംസ്ഥാന വിദ്യുച്ഛക്തി ബോർഡിന്റെ ലാന്റ് അക്വിസിഷൻ ഓഫീസ് നിർത്തലാക്കിയതുകൊണ്ട് ബന്ധപ്പെട്ട ഫയലുകൾ കൊയിലാണ്ടി തഹസിൽദാരുടെ ഓഫീസിലേയ്ക്ക് മാറ്റിയിരിക്കുകയാണ്. അതിനാൽ കളക്ടറുടെ ഉത്തരവ് ലഭിച്ചാൽ മാത്രമേ ബോർഡ് അനുവദിച്ച തുക കൊയിലാണ്ടി തഹസിൽദാരുടെ ഓഫീസിൽ സ്വീകരിക്കുവാൻ കഴിയൂ. ഇക്കാര്യം കണ്ണൂർ കളക്ടറുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

(ഡി) സ്ഥലം ലഭ്യമായാലുടൻതന്നെ സബ്സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതാണ്.

പെരുമ്പാവൂർ മണ്ഡലത്തിലെ ഇലക്ട്രിക്കൽ സബ്സ്റ്റേഷനുകൾ

184 [2677] ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുമ്പാവൂർ നിയോജക മണ്ഡലത്തിലെ വെങ്ങോല,കൂവപ്പടി, ഓടക്കാലി എന്നിവിടങ്ങളിൽ ഇലക്ട്രിക്കൽ സബ്സ്റ്റേഷനുകൾ സ്ഥാപിക്കുവാൻ നടപടികൾ സ്വീകരിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സബ്സ്റ്റേഷനുകളുടെ നിർമ്മാണ പുരോഗതി സംബന്ധിച്ച വിശദവിവരം അറിയിക്കുമോ;

(സി) കാലതാമസം ഒഴിവാക്കി അടിയന്തിരമായി പണി പൂർത്തിയാക്കാൻ കെ. എസ്. ഇ. ബി.-ക്ക് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) പെരുമ്പാവൂർ നിയോജക മണ്ഡലത്തിലെ വെങ്ങോല, കൂവപ്പടി എന്നിവിടങ്ങളിൽ ഓരോ 33 കെ.വി. സബ്സ്റ്റേഷനും, ഓടക്കാലിയിൽ ഒരു 66 കെ.വി. സബ്സ്റ്റേഷനും നിർമ്മിക്കാനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) വെങ്ങോലയിൽ 33 കെ.വി. സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനുവേണ്ടി എറണാകുളം ജില്ലയിൽ, കുന്നത്തുനാട് താലൂക്കിൽ, വെങ്ങോല വില്ലേജിൽ സർവ്വേ നമ്പർ 240/11 പ്രകാരമുള്ള 83 സെന്റ് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. കൂവപ്പടിയിൽ 33 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനുവേണ്ടി എറണാകുളം ജില്ലയിൽ, കുന്നത്തുനാട് താലൂക്കിൽ, കോടനാട് വില്ലേജിൽ സർവ്വേ നമ്പർ 54/3-2, ബ്ലോക്ക് V പ്രകാരമുള്ള 90 സെന്റ് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ഓടക്കാലിയിൽ സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly